
# തലസ്ഥാനത്തുനിന്നും തലസ്ഥാനത്തേക്ക്



പ്രൊഫ: കെ. ബി. മോഹനൻ

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിലെ പടർന്നു കയറുന്ന കോൺക്രീറ്റു കാടുകളുടെ ഇടയിലെ പച്ചതുരുത്താണ് ശ്രീ കേരളവർമ്മ കോളേജ്. വിദ്യാഭ്യാസത്തിനോ അധ്യാപന ത്തിനോ ആയി അവിടെ വന്നെത്തുന്ന ആരുടേയും ജീവിതത്തെ എല്ലാ അർത്ഥത്തിലും ഹരിതാ ഭമാക്കുന്ന ഒരിടം. അവിടുത്തെ അവസാനവർഷ (2013 –14) ബി. എ പൊളിറ്റിക്കൽ സയൻസ് വിദ്യാർത്ഥികളുടെ ഏഴു ദിവസങ്ങൾ നീണ്ടു നില്ക്കുന്ന ഒരു വിനോദയാത്ര – കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തുനിന്നും ഇന്ത്യയുടെ രാഷ്ട്രീയ തലസ്ഥാനത്തേക്ക്.

നേരത്തെ തീരുമാനിച്ച പ്രകാരം 2013 ഒക്ടോബർ 12 ശനിയാഴ്ച വൈകിട്ട് 7 മണിക്ക് വിദ്യാർത്ഥികളെല്ലാവരും തൃശൂർ റെയിൽവേസ്റ്റേഷന്റെ ഒന്നാം പ്ളാറ്റ് ഫോമിൽ ഒത്തു കൂടി. 20 പെൺകുട്ടികളും 5 ആൺകുട്ടികളും. കൂട്ടത്തിലെ അന്ധനായ ലിജോയ്ക്ക് കണ്ണായി അവന്റെ സുഹൃത്തുക്കൾ. ചില വിദ്യാർത്ഥിനികളെ രക്ഷിതാക്കൾ, സ്റ്റേഷൻ വരെ അനുഗമിച്ചു. അവരെയെല്ലാം സ്വീകരിക്കുവാനും, യാത്ര നയിക്കുവാനുമായി അധ്യാപകരായ പ്രമോദും, വിനുകുമാറും, ബിനിയും ആത്മമിത്രമായ ഫരീദയും അവിടെ സന്നിഹിതരായിരുന്നു.

ആന്ധ്രാ തീരത്ത്, ആഞ്ഞു വീശിയ ഫൈലിൻ ചുഴലിക്കാറ്റ് ഈ മനോഹരമായ യാത്രയ്ക്ക് മങ്ങലേല്പിക്കുമോ എന്ന ആശങ്ക മാധ്യമങ്ങളിൽ കണ്ണു നട്ടിരുന്ന പലരേയും അലോസരപ്പെടുത്തി. അതിലെ കടന്നുപോകുന്ന അമ്പത്തൊന്നു ട്രെയിനുകൾ റദ്ദു ചെയ്തപ്പോഴും 'മില്ലേനിയം എക്സ്പ്രസ്സിന്' തടസ്സമില്ലെന്ന വാർത്ത എല്ലാവരിലും സന്തോഷമുണർത്തി.

**ട്രെയിൻ യാത്ര**

നിശ്ചിത സമയത്തിന് അരമണിക്കൂർ വൈകി ട്രെയിൻ എത്തി. യാത്രയുടെ ആവേശത്തിൽ ആ സമയവ്യത്യാസം ആരും അറിഞ്ഞതേയില്ല. എല്ലാവരും ട്രെയിനുള്ളിലേക്ക്. വണ്ടിയുടെ ഉരുക്കു ചക്രങ്ങൾ ഉരുണ്ടു തുടങ്ങി. മൂന്നു വ്യത്യസ്ത കംമ്പാർട്ടുമെന്റുകളിലാണ് യാത്ര തുടങ്ങിയതെങ്കിലും പാലക്കാട് കഴിഞ്ഞതോടെ എല്ലാവരും ഒരേ ബോഗിയിൽ ഡട.4പ ബർത്തുകൾ കണ്ടെത്തി.

പതിമൂന്നാം തിയ്യതി ഞായറാഴ്ച്ച പ്രഭാതം. ട്രെയിൻ ആന്ധ്രാ സംസ്ഥാനത്തിലൂടെ – ഭാവിയിൽ തെലുങ്കാന, സീമാന്ധ്രാ എന്നീ പേരുകളിൽ അറിയപ്പെടുവാൻ സാധ്യതയുള്ള സംസ്ഥാനങ്ങളിലൂടെ – അതിവേഗം മുന്നോട്ട് പൊയ്ക്കൊണ്ടേയിരുന്നു. മലമടക്കുകളിലൂടെ സൂര്യ കിരണങ്ങൾ എത്തി നോക്കിത്തുടങ്ങി. വെങ്കിടാചലമൂർത്തിയുടെ ഭക്തിസാന്ദ്രമായ സ്മരണ കളുണർത്തുന്ന തിരുപ്പതി സ്റ്റേഷനും കടന്ന് പ്രയാണം തുടർന്നു. ഇടയ്ക്കിടെ വിശാലമായ നെൽപ്പാടങ്ങൾ, കരിമ്പനക്കൂട്ടങ്ങൾ, പരുത്തിപാടങ്ങൾ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും അന്താക്ഷരി മത്സരത്തിൽ വ്യാപൃതരായി. എന്നാൽ വിരളമായി ചിലർ പ്രകൃതി ദൃശ്യങ്ങളിലേക്ക് കണ്ണുംനട്ടിരി ക്കുന്നു. പ്രകൃതിയുടെ

പച്ചപ്പ് ഹൃദയത്തിലും, ജീവിതത്തിലും പകർത്തുവാനും, നിലനിർത്തുവാനും ആഗ്രഹിക്കുന്നവർ..

വിജയവാഡ, വാറങ്കൽ സ്റ്റേഷനുകൾ പിന്നിട്ട ട്രെയിനിന് വേഗത വർദ്ധിച്ചു. ആന്ധ്രാതീരത്ത് പെയ്തിറങ്ങിയ പേമാരിയും വീശിയടിച്ച ചുഴലിക്കാറ്റും മൂലം അന്തരീക്ഷം തണുത്തതിനാൽ, സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്തു കൂടി മദ്ധ്യാഹ്നത്തിലുള്ള ട്രെയിൻ യാത്ര തികച്ചും സുഖകരം.

വിദ്യാർത്ഥികൾ പല വിനോദങ്ങളിൽ ഏർപ്പെട്ടിരിയ്ക്കുന്നു. അധ്യാപകരുടെ പൂർണ്ണമായ സഹകരണവും, പിൻതുണയും. വിരസത ആർക്കും അല്പവും അനുഭവപ്പെട്ടില്ല. ഒരു പകൽ കൂടി അവസാനിച്ചു. തണുപ്പുള്ള രാത്രിയിലെ ഇരുളിനെ വകഞ്ഞു മാറ്റി കൊണ്ട് ട്രെയിൻ വർദ്ധിതു വേഗതയിൽ. എല്ലാവരും നിദ്രയിലേയ്ക്ക്.

പതിനാലാം തിയ്യതി തിങ്കളാഴ്ച്ച. കിളികളുടെ കളകളാരവമില്ലെങ്കിലും ട്രെയിനിന്റെ ചാഞ്ചാട്ടവും വാതായനങ്ങളിലൂടെ കടന്നു വന്നിരുന്ന തണുത്ത കാറ്റും, നല്ല ഒരു പ്രഭാതത്തി ലേയ്ക്ക് മിഴി തുറക്കുവാൻ ഞങ്ങളെ സഹായിച്ചു. ഉറക്കമുണർന്ന ആലസ്യത്തിൽ പുതപ്പിനുള്ളിൽ ചുരുണ്ടുകൂടിയ ചിലരെ, ഇതിനോടകം കമ്പാർട്ട്മെന്റിനുളിളിൽ കടന്നു കൂടിയ, ഹിജഡകൾ ഒച്ച വച്ചും. തട്ടിയും, തല്ലിയും ശല്ല്യപ്പെടുത്തി. പെട്ടെന്നു തന്നെ പത്തിന്റെ ഏതാനും കറൻസി നോട്ടുകൾ നൽകി അവരെ ഒഴിവാക്കി. പണം നൽകിയവരെ അനുഗ്രഹിച്ചും, അല്ലാത്തവരെ പ്രാകിയും അവർകടന്നു പോയി. ഇന്ത്യൻ മണ്ണിലും, രാഷ്ട്രീയ സാമൂഹിക വ്യവസ്ഥിതിയിലും സ്വന്തമാ യൊരിടവും പ്രതീക്ഷയുമില്ലാത്തവർ. അനാവശ്യമായി മറ്റുള്ളവരുടെ ചൂഷണങ്ങൾക്കും, പീഡനങ്ങൾക്കും, ശാപവാക്കുകൾക്കും വിധേയരായിക്കഴിയുന്നവർ. അവരും അംഗീകരിക്കപ്പെടുന്ന ഒരു കാലം വിദൂരമല്ലെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇതിനോടകം വണ്ടി ഇന്ത്യയുടെ ഏറ്റവും വലിയ സംസ്ഥാനമായ മദ്ധ്യപ്രദേശിലൂടെ പ്രയാണമാരംഭിച്ചിരിക്കുന്നു. പ്രകൃതി ദൃശ്യം മനോഹരം തന്നെ. സമൃദ്ധമായ പച്ചപ്പും കൃഷിയിടങ്ങളും ചെറിയ ചെറിയ കുടിലുകളും കാണാം. 2115 കി. മീ പിന്നിട്ട് എട്ടു മണിയോടെ ട്രെയിൻ ഭോപ്പാൽ സ്റ്റേഷനിലെത്തി. ഭോപ്പാൽ ദുരന്തത്തിന്റെ ഭയാനകമായ ഓർമ്മകളിൽ ഞങ്ങൾ പലരുടെയും മനസ്സ് അസ്വസ്ഥമായി. സ്വാഭാവികമായും, യൂണിയൻ കാർബൈഡിനെക്കുറിച്ചും അതുണ്ടാക്കിയ വൻ ദുരന്തത്തെക്കുറിച്ചും ഞങ്ങൾ ചർച്ച ചെയ്തു.

ട്രെയിൻ വീണ്ടും പ്രയാണമാരംഭിച്ചു. ദർശനമില്ലാത്ത ജീവിതവും, ജീവിതമില്ലാത്ത ദർശനവും ഒരു പോലെ നിരർത്ഥകങ്ങളാണ്. ഞങ്ങൾ കുറെപ്പേർ പുതിയ വിഷയങ്ങളെക്കുറിച്ചു ചിന്തിച്ചു. മത മൗലിക വാദത്തിന്റെയും, തീവ്രവാദത്തിന്റെയും, രാഷ്ട്രീയ സംഘട്ടനങ്ങളുടെയും, കൊലപാതക രാഷ്ട്രീയത്തിന്റെയും കാലഘട്ടത്തിൽ, അവ സമൂഹമനസ്സിൽ സൃഷ്ടിക്കുന്ന

വൃണങ്ങൾ ഉന്മൂലനം ചെയ്യുവാൻ സ്നേഹത്തിനു മാത്രമേ സാധിക്കൂ. ഹൃദയം നിറയെ സ്നേഹം സൂക്ഷിക്കുകയും അത് മറ്റുള്ളവരിലേയ്ക്ക് നിർലോഭം പകർന്നുകൊടുക്കുകയും ചെയ്യുക. അതിന്റെ സ്വാഭാവിക പ്രകടനമായി മറ്റുള്ളവരെ സഹായിക്കുക.. പക്ഷെ, ആരിൽ നിന്നും ഒന്നും തിരിച്ചു പ്രതീക്ഷിക്കാ തിരിക്കുക. അങ്ങനെയെങ്കിൽ, ജീവിതം സ്വച്ഛവും, സ്വസ്ഥവും സന്തോഷപ്രദവുമാകുമെന്ന മോഹൻ സാറിന്റെ അഭിപ്രായം സജീവ ചർച്ചക്കു വിഷയിഭവിച്ചു.

ത്സാൻസി സ്റ്റേഷനും കടന്ന് മുന്നോട്ട് പായുമ്പോൾ ഓർമ്മകൾ പിന്നോട്ട് സഞ്ചരിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലെ പൊൻതിളക്കം, ധീരവനിത സ്വന്തം ജീവിതവും, ജീവനും കൊടുത്ത് യശസ്സിന്റെ നെറുകയിൽ സ്ഥിരപ്രതിഷ്ഠ നേടിയവൾ – റാണി ലക്ഷ്മി ഭായ്. ത്സാൻസി യുടെ അല്ല ഇന്ത്യയുടെ അഭിമാനം.

2503 കി. മീ പിന്നിട്ട് പന്ത്രണ്ടരയായപ്പോഴേക്കും ട്രെയിൻ ഗ്വാളിയർ സ്റ്റേഷനും കടന്ന് പാർലമെന്റംഗമായ മാധവ്റാവു സിന്ധ്യയുടെ നാട്ടിലൂടെ. ഇന്ത്യൻ രാഷ്ട്രീയത്തിൽ എക്കാലവും ശ്രദ്ധിക്കപ്പെട്ടിട്ടുള്ള കുടുംബം.

ചമ്പൽകാടുകളുടെ മദ്ധ്യത്തിലൂടെ, ജലസമൃദ്ധിയില്ലാത്ത ചമ്പൽ നദിയും കടന്ന് അതിവേഗം ഓടുമ്പോൾ ഞങ്ങൾ ഫൂലൻദേവിയെ കുറിച്ചുള്ള ചർച്ചയിൽ മുഴുകി. ഒരു കാലഘട്ടത്തിൽ ചമ്പൽക്കാടുകളെ വിറപ്പിച്ച പോലീസുക്കാർക്കും, ഭരണാധികാരികൾക്കും, ജന്മികൾക്കും ഒരു പോലെ തലവേദന സൃഷ്ടിച്ച, സാധാരണക്കാർക്ക് പ്രിയങ്കരിയായിരുന്ന, ഇന്ത്യൻ രാഷ്ട്രീയത്തിലും ലോകസഭയിലും വ്യക്തിമുദ്ര പതിപ്പിച്ച, ശത്രുക്കളുടെ തോക്കിനിരയായ ഫൂലൻദേവി.

**ഡൽഹിയുടെ മണ്ണിൽ**

തടസ്സങ്ങളേതുമില്ലാതെ ഉത്തർപ്രദേശിലൂടെ മുന്നോട്ട്. താജ്മഹലിനാൽ പുകൾ പെറ്റ ആഗ്രയും, ശ്രീകൃഷ്ണന്റെ ജന്മം കൊണ്ട് ധന്യമായ മഥുരയും കടന്ന് വൈകിട്ട് 5.30 ന് ട്രെയിൻ നിസ്സാമുദ്ദീൻ സ്റ്റേഷനിലെത്തി. തലസ്ഥാനനഗരിയുടെ ഭാഗം തന്നെയായ ഇവിടം, ന്യൂഡൽഹിയിൽ നിന്നും 22 കി.മീ. വടക്കുമാറി സ്ഥിതി ചെയ്യുന്നു. രണ്ടു രാത്രിയും രണ്ടു പകലും നീണ്ട യാത്രയുടെ ക്ഷീണത്തിലും ഇന്ദ്രപ്രസ്ഥത്തിന്റെ മണ്ണിൽ കാലുകുത്തിയതിന്റെ സന്തോഷം എല്ലാവരിലും പ്രകടം.

ഡൽഹിയിലെ ടാക്സി തൊഴിലാളികളുമായുണ്ടായ വില പേശലിനൊടുവിൽ 500 രൂപ നിരക്കിൽ അഞ്ചു മാരുതി വാനുകളിലായി ഞങ്ങൾ മുപ്പതുപേർ നിസ്സാമുദ്ദീനിൽ നിന്നും 22 കി. മീ അകലെയുള്ള പ്രസിദ്ധമായ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി ക്യാമ്പസിലേക്ക്. ഇരുവശവും മരങ്ങളാലും സസ്യജാലങ്ങളാലും സമൃദ്ധമായ ഡൽഹിയിലെ വിശാലമായ തെരുവുകളിലൂടെ

ട്രാഫിക് സിഗ്നലുകളെയെല്ലാം മാനിച്ചുകൊണ്ട്, വാഹനങ്ങൾ അതിവേഗം പായുന്നു. ഞങ്ങൾ സഞ്ചരിച്ചിരുന്ന വാഹനങ്ങളും അതിന് ഒരപവാദമായിരുന്നില്ല.

**ജെ. എൻ. യു. ക്യാമ്പസ്സിൽ**

രാത്രി എട്ടു മണിയോടെ ക്യാമ്പസ്സിലെത്തി. മുഖ്യകവാടത്തിൽത്തന്നെ ഞങ്ങളുടെ വാഹനങ്ങൾ തടഞ്ഞു. ഉദ്ദേശ്യവും, താമസ കാര്യങ്ങളും വ്യക്തമാക്കിയതിനു ശേഷം പ്രവേശനാനു വാദം ലഭിച്ചു. മുഖ്യകവാടത്തിൽ മാത്രമല്ല ഇതരകവാടങ്ങളിലും, കാമ്പസ്സിന്റെ വ്യത്യസ്ഥഭാഗങ്ങളിലും ഹോസ്റ്റലുകളിലും കാവൽക്കാരെ കർമ്മനിരതരായി കാണാമായിരുന്നു. ജെ. എൻ യു വിൽ ഉപരിപഠനം നടത്തുന്ന കേരളവർമ്മയിലെ പൂർവ്വ വിദ്യാർത്ഥികളുടേയും അവരുടെ സുഹൃത്തു ക്കളുടേയും സഹായത്താൽ വ്യത്യസ്ത ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്കും, അക്കാദമിക് സ്റ്റാഫ് കോളേജ് ഹോസ്റ്റലിൽ അധ്യാപകർക്കും താമസസൗകര്യമൊരുക്കി.

യൂണിവേഴ്സിറ്റിയിലെ പ്രഭാതം. പതിനഞ്ചാം തിയ്യതി, ചൊവ്വാഴ്ച. സ്റ്റാഫ് കോളേജ് ഹോസ്റ്റലിന്റെ ചില്ലിട്ട ജനലിലൂടെ പുറത്തേക്ക് നോക്കി. ഹോസ്റ്റൽ പോലെ തന്നെ ഇഷ്ടികകൾ കൊണ്ട് പടുത്തുയർത്തിയ തേച്ചു മിനുക്കാത്ത, പൗരാണികത്വം തുളുമ്പുന്ന, ഉയരത്തിൽ തലയെടുപ്പോടെ നിൽക്കുന്ന കെട്ടിടമാണ് സ്റ്റാഫ് കോളേജ്. ഹോസ്റ്റലും, കോളേജും തമ്മിൽ നൂറടി മാത്രം അകലം. അതിനിടയിലുള്ള മുറ്റത്ത് പച്ചപ്പരവതാനി വിരിച്ചതു പോലെ മനോഹരമായ പുൽത്തകിടി. അവിടവിടെ സമൃദ്ധമായ ശാഖകളോടെ കുടനിവർത്തിയ പോലുള്ള മരങ്ങൾ. നേർത്ത മഞ്ഞിന്റെ പടലങ്ങൾ. താഴെ പുൽനാമ്പുകളിൽ ഹിമകണങ്ങൾ പറ്റിപിടിച്ചിരിക്കുന്നു. ഹോസ്റ്റലിലെ അന്തേ വാസികളായ അധ്യാപകർ പലരേയും, സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ചായകുടിച്ച്, പത്രപാരായ ണവും വർത്തമാനങ്ങളുമായി അവിടവിടെ കാണാം.

കാമ്പസ്സിലെ വിവിധ ഹോസ്റ്റലുകളിൽ താമസിച്ചിരുന്ന ഞങ്ങൾ എല്ലാവരും രാവിലെ എട്ടു മണിയോടെ സെൻട്രൽ ലൈബ്രറിയുടെ മുന്നിൽ ഒത്തു കൂടി. പത്തു നിലയിൽ ചുടുകട്ടയിൽ പണിതുയർത്തിയിരിക്കുന്ന, പുറമേ തേച്ചുമിനുക്കാത്ത കെട്ടിടത്തിൽ വിശാലമായ വായനശാലയും, വലിയ തോതിലുള്ള ഗ്രന്ഥശേഖരവും, ഡിജിറ്റൽ ലൈബ്രറിയുമുണ്ടെന്നും എവിടെയും എല്ലാവരും നിശബ്ദതയും, അച്ചടക്കവും പാലിക്കാറുണ്ടെന്നും കേരളവർമ്മയിൽ നിന്നും ഉപരിപഠനത്തിന് ഇവിടെ എത്തിയ രമ്യ അഭിപ്രായപ്പെട്ടു.

ലൈബ്രറിയുടെ സമീപത്തു നിന്നും തൃശൂർക്കാരനായ ഗോപാലേട്ടന്റെ കാന്റീനിലേക്ക് നടന്നു. കേരളത്തനിമയുള്ള സാമാന്യം തൃപ്തികരമായ ഭക്ഷണവും കഴിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ മുന്നിലെത്തി. പ്രശാസൻ വിഭാഗ് എന്ന് ഹിന്ദിയിലും. ഇംഗ്ലീഷിലും എഴുതിയിരിക്കുന്നത് ഒരു വൈരുദ്ധ്യമായി തോന്നി. ഡൽഹി, ആഗ്രാ സന്ദർശനത്തിനായി പ്രതിദിനം നാലായിരത്തി അഞ്ഞുറു രൂപയ്ക്ക്

30 സീറ്റോടു കൂടി, ഒരു എ. സി ബസ്സ് ഏർപ്പെടുത്തിയിരുന്നു. ട്രാഫിക് തിരക്കു മൂലം ബസ്സ് ഇനിയും എത്തിയിട്ടില്ല.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ സമീപത്ത് ഉയർത്തി കെട്ടി ഗ്രാനൈറ്റ് കൊണ്ട് ഭംഗി വരുത്തിയ തറയിൽ പന്ത്രണ്ടടി ഉയരത്തിൽ രാഷ്ട്രശില്പി, ജവഹർലാൽ നെഹ്റുവിന്റെ പൂർണ്ണകായ പ്രതിമ. 1969– ൽ അദ്ദേഹത്തിന്റെ നാമത്തിൽ സ്ഥാപിതമായ യൂണിവേഴ്സിറ്റി, ആരാവലി മലയിടുക്കുകളിൽ ആയിരമേക്കറിൽ വ്യാപിച്ചു കിടക്കുന്നു. ചില ഭാഗങ്ങൾ ഇപ്പോഴും വനം തന്നെയാണ്. മാനും, മയിലും, നീൽഗയും അവിടെ സുലഭം. മറ്റു ചില ഭാഗങ്ങളെ പക്ഷിനിരീക്ഷകരുടെ സ്വർഗ്ഗമെന്ന് വിശേഷിപ്പിക്കുന്നു. കാമ്പസ്സ് പൊതുവെ ഹരിതാഭമാണ്.



2012 – ൽ 3.9 പോയിന്റിൽ 'നാക്' – ന്റെ 'എ ഗ്രേഡ്' നേടിയ യൂണിവേഴ്സിറ്റി ഇവിടെ വ്യത്യസ്ഥ മേഖലകളിൽ 15 സ്കൂളുകൾ പ്രവർത്തിക്കുന്നു. അതിലെ പല സെന്ററുകളേയും. യു. ജി. സി മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നു. പതിനേഴു ഹോസ്റ്റലുകളിലായി 5500 വിദ്യാർത്ഥികൾക്ക് താമസസൗകര്യമൊരുക്കിയിരിക്കുന്നു. എല്ലാ ഹോസ്റ്റലുകൾക്കും ഇന്ത്യയിലെ വ്യത്യസ്ത നദികളുടെ പേരുകളാണ് കൊടുത്തിരിക്കുന്നത്. ഇതിൽ 'ചന്ദ്രഭാഗ്, ലോഹിത, സബർമതി, താപ്തി എന്നിവ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ളതാണ്. മഹാനദി ദമ്പതികൾക്കും യമുന ഉദ്യോഗസ്ഥർക്കുമാണ് ഉദ്ദേശിച്ചിരിക്കുന്നത്.

കാമ്പസ്സിൽ വിദ്യാർത്ഥിരാഷ്ട്രീയവും, പ്രസ്ഥാനങ്ങളും സജീവമാണ്, പക്ഷെ ഒരിക്കലും സംഘർഷങ്ങളും, സംഘട്ടനകളും ഉണ്ടാകാറേയില്ല. എന്നാൽ സെമിനാറുകളും, ചർച്ചകളും സർവ്വസാധാരണമാണ്. വിദ്യാർത്ഥികൾ പ്രതികരണശേഷിയുള്ളവരാണെങ്കിലും സമരത്തിന്റെ പേരിൽ ക്ലാസ്സുകൾ നഷ്ടപ്പെടുത്താറില്ല.

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, പുറം രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളെ വിവിധവേഷങ്ങളിലും, ഭാവത്തിലും കാണാം. ഫുൾസ്ലീവ് ടോപ്പും, ഷോർട്ട്സും ധരിച്ച് ചുണ്ടുകളിൽ പുകയുന്ന സിഗരറ്റുമായി നടക്കുന്ന വിദ്യാർത്ഥിനികളും വിരളമല്ല.

**മഹാനഗരത്തിൽ**

പത്തു മണിയോടെ ബസ്സ് എത്തി. മഹാനഗരത്തിന്റെ വിസ്മയകാഴ്ചകളിലേക്ക് ഞങ്ങൾ പുറപ്പെട്ടു. ന്യൂഡൽഹി എന്ന നഗരവും പാർലമെന്റ് മന്ദിരം, രാഷ്ട്രപതി ഭവൻ, സുപ്രീം കോടതി, ഇന്ത്യഗേയ്റ്റ് എന്നിങ്ങനെ പല സൗധങ്ങളും ബ്രിട്ടീഷുകാരുടെ സംഭാവനയാണ്. ഇത്തരുണത്തിൽ ന്യൂഡൽഹി എന്ന ഈ നഗരത്തെ ഈ വിധം ആസൂത്രണം ചെയ്ത എഡ്വേർഡ് ല്യൂട്ടന്റെ നാമം പ്രത്യേകം പ്രസ്താവ്യമാണ്.


**ലോട്ടസ് ടെമ്പിൾ**



വാഹനം 'ലോട്ടസ് ടെമ്പിളിനെ' ലക്ഷ്യമാക്കി മുന്നോട്ട്. ഇരുപത്തിയഞ്ചേക്കറിൽ പരന്നു കിടക്കുന്ന വിശാലമായ പുൽത്തകിടിയുടെ മദ്ധ്യത്തിൽ വിടർന്നു വരുന്ന വെള്ളത്താമരയുടെ രൂപത്തിലുള്ള മാർബിളിൽ പണി തീർത്ത ക്ഷേത്രം. ധാരാളം സഞ്ചാരികൾ ക്ഷേത്രത്തെ ലക്ഷ്യമാക്കി നടക്കുന്നു. പലരും ദൃശ്യങ്ങൾ ക്യാമറയിൽ പകർത്തുന്നു. കാറ്റും, വെളിച്ചവും യഥേഷ്ടം കടന്നുവരുന്ന ക്ഷേത്രത്തിന്റെ വിശാലമായ ഹാളിൽ ഏതു മതവിശ്വാസികൾക്കും കടന്നു ചെല്ലുകയും ഇഷ്ടാനുസരണം നിശബ്ദ പ്രാർത്ഥന നടത്തുകയും ചെയ്യാം.

**രാജ്ഘട്ട്**

ഉച്ചഭക്ഷണത്തിനു ശേഷം ഒരു മണിയോടെ രാജ്ഘട്ടിലേക്ക്. ഉയർന്ന മതിലുകൾക്കുള്ളിൽ വിശാലമായ പുൽത്തകിടിയുടെ മദ്ധ്യത്തിൽ രാഷ്ട്രപിതാവിന്റെ സമാധിമണ്ഡപം. പുഷ്പഹാരങ്ങൾ മണ്ഡപത്തെ അലങ്കരിച്ചിരിക്കുന്നു. നിത്യജ്യോതി, ദിവ്യതേജസ്സോടെ കാറ്റിൽ ഉലയാതെ നില്ക്കുന്നു. പ്രകൃതിരമണീയം, പ്രശാന്ത സുന്ദരം, ദീപ്തം. ഗാന്ധിജിയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ശിരസു നമിച്ചു.



**തീൻമൂർത്തി ഭവൻ**

രാജ് ഘട്ടിനോട് യാത്രാമൊഴി ചൊല്ലി അക്ബർ മാർഗ്ഗിലൂടെ 'തീൻ മൂർത്തി ഭവനിലേക്ക്'', റോഡിനിരുവശങ്ങളിലുമായി ഉപരാഷ്ട്രപതി, വ്യോമസേനാ ചീഫ് മാർഷൽ, സോണിയാ ഗാന്ധി, മൻമോഹൻസിംഗ്, ഇ. അഹമ്മദ് എന്നിവരുടെ ഔദ്യോഗിക വസതികളും, ലാൽ ബഹദൂർ ശാസ്ത്രി, ഇന്ദിരാഗാന്ധി, എന്നിവരുടെ സ്മരണാർത്ഥം പടുത്തുയർത്തിയ കെട്ടിട സമുച്ചയങ്ങളും കടന്ന് വാഹനം തീൻമൂർത്തി ഭവന്റെ മുമ്പിലെത്തി. ചുറ്റുമതിലുകൊണ്ട് സംരക്ഷിയ്ക്കപ്പെട്ട പത്തേക്കറിൽ അധികം വിസ്തൃതിയുള്ള, പുൽത്തകിടികളാലും, പൂന്തോട്ടങ്ങളാലു സമ്പന്നമായ സ്ഥലത്തിനു നടുവിൽ മോത്തിലാൽ നെഹ്റു പണികഴിപ്പിച്ച വിശാലവും, മനോഹരവുമായ ഇരുനിലഭവനം. തന്റെ രാഷ്ട്രീയ ജീവിതത്തിന്റെ രണ്ടാം പകുതിയിൽ നെഹ്റു കുടുംബസമേതം താമസിച്ചിരുന്നിടം. ഇപ്പോൾ ആ ഭവനം മ്യൂസിയമായി നിലനിർത്തിയിരിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ വളർച്ചയുടേയും, സ്വാതന്ത്ര്യസമരത്തിന്റേയും ചിത്രങ്ങൾ അവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. വൃത്തിയായി സൂക്ഷിച്ചി രിക്കുന്ന ധാരാളം മുറികൾ. അതിൽ നെഹ്റുവിന്റേയും ഇന്ദിരാഗാന്ധിയുടേയും, കിടപ്പുമുറികളും, എഴുത്തിനും, വായനയ്ക്കും വേണ്ടി നെഹ്റു അവസാനം ഉപയോഗിച്ചിരുന്ന മുറിയും യാതൊരു മാറ്റവുമില്ലാതെ സൂക്ഷിച്ചിരിക്കുന്നു.

ഭവനത്തിന്റെ പിൻവശത്തും വിശാലമായ പുൽത്തകിടിയും, റോസാച്ചെടികൾ നിറഞ്ഞ ഉദ്യാനവും കാണാം. അകലെ തണൽമരങ്ങൾ, അവയ്ക്കിടയിലൂടെ നടന്നു നീങ്ങുന്ന മയിലുകൾ. ദൃശ്യം മനോഹരം. നെഹ്റു, ഇന്ദിരാഗാന്ധി, രാജീവ്ഗാന്ധി എന്നിവരുടെ പാവനസ്മരണയ്ക്കായി തീൻമൂർത്തി ഭവന്റെ തെക്കു പടിഞ്ഞാറു വശത്ത് പ്രത്യേകം അതിരിട്ടു തിരിച്ച സ്ഥലത്ത് മൂന്നുജ്യോതികൾ ജ്വലിച്ചു നിൽക്കുന്നു.


ഭവനത്തിന്റെ തെക്കു കിഴക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന ലൈബ്രറി. പഴയ കാല ചരിത്ര രേഖകളുടേയും, രാഷ്ട്രീയ സംഭവങ്ങളുടേയും വലിയൊരു ശേഖരം.

ഇവ മൈക്രോ ഫിലിമുകളിൽ കൃത്യതയോടെ, ക്രമാനുഗതമായി സൂക്ഷിച്ചിരിക്കുന്നു. സ്വാതന്ത്ര്യത്തിന് മുൻപും പിൻപുമുള്ള പത്രങ്ങൾ, ഗവൺമെന്റിന്റെ രാഷ്ട്രീയ തീരുമാനങ്ങൾ, ഉടമ്പടികൾ, എല്ലാം ഈ രേഖകളിൽ ഉൾപ്പെടും. കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ഇവ അനായാസേന ശ്രവണ, ദൃശ്യ വേദ്യമാക്കാം. നെഹ്റുവിന്റെ കൃതികളുടെ സമാഹാരത്തോടൊപ്പം, ലോകരാഷ്ട്രങ്ങളിലെ സാമൂഹിക, രാഷ്ട്രീയ രംഗത്തെ പ്രഗത്ഭരും പ്രശസ്തരുമായ പല വ്യക്തികളുടേയും ജീവചരിത്രഗ്രന്ഥങ്ങൾ. പഴയതും, പുതിയതുമായ ഗ്രന്ഥങ്ങളുടെ വലിയൊരു ശേഖരം. സമയപരിമിതി ഞങ്ങളുടെ ഗ്രന്ഥശാലാ സന്ദർശനത്തിന് ഭാഗികമായെങ്കിലും തടസ്സമായി.

**ഇന്ത്യാഗേറ്റ്**

സന്ധ്യയോടെ ഞങ്ങളുടെ ബസ്സ് ഇന്ത്യാഗേറ്റിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. ന്യൂഡൽഹിയുടെ കേന്ദ്രതലത്തിൽ പരസ്പരം കടന്നു പോകുന്ന നാലു വിശാലമായ വീഥികൾ സന്ധിക്കുന്നിടത്ത് ഇന്ത്യാഗേറ്റ് - നാല്പത്തിരണ്ടു മീറ്റർ ഉയരത്തിൽ, കമാനാകൃതിയിലുള്ള കവാടം. ഒന്നാം ലോകമഹാ യുദ്ധത്തിൽ ഇംഗ്ലീഷുകാർക്കു വേണ്ടി പൊരുതി മരിച്ച 70,000 ഇന്ത്യാക്കാരുടെ വീരസ്മരണയ്ക്ക് ബ്രിട്ടീഷ് ഗവൺമെന്റ് പണികഴിപ്പിച്ച സ്മാരകം. 1931–ൽ ഇത്, അന്നത്തെ വൈസ്രോയിയായിരുന്ന ഐവിൻ പ്രഭു രാഷ്ട്രത്തിനു സമർപ്പിച്ചു.

1972 – ലെ ഇന്ത്യാ – പാക് യുദ്ധത്തിൽ നമ്മുടെ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി വീരമൃത്യു വരിച്ച ധീരയോദ്ധാക്കളുടെ സ്മാരകമായി ഇന്ത്യാഗേറ്റിനോട് ചേർന്ന് 'അമർ ജവാൻ ജ്യോതി'. തോക്കു ധാരിയായ ഒരു പട്ടാളക്കാരൻ വിനയാന്വിതനായി. എന്നാൽ നിതാന്തജാഗ്രത യോടെ അവിടെ കാവൽ നില്ക്കുന്നു. ധീരജവാന്മാർക്ക് ഞങ്ങളുടെ പ്രണാമം.



ഇരുൾ വീണു തുടങ്ങിയപ്പോൾ ഇന്ത്യാ ഗേറ്റിന്റെ പ്രാന്ത പ്രദേശങ്ങൾ വൈദ്യുത പ്രഭയാൽ മനോഹരമായി കാണപ്പെട്ടു. സജീവമായ ജലധാരകൾ നിറദീപങ്ങളാൽ കൂടുതൽ ഭംഗിയുള്ളതായി.

ഇന്ത്യാ ഗേറ്റിൽ നിന്നും, രാഷ്ട്രപതി ഭവനിലേക്കുള്ള ഋജുവും, വിശാലവുമായ വീഥി. അഞ്ചു കിലോമീറ്റർ അപ്പുറം സ്ഥിതി ചെയ്യുന്ന രാഷ്ട്രപതി ഭവൻ. ബ്രിട്ടീഷുകാർ നിർമ്മിച്ച കൊട്ടാര സദൃശമായ സൗധത്തിന്റെ ദീപ പ്രഭ ഇവിടെ നിന്നും കാണാം. ജനുവരി 26 ന് എല്ലാ വർഷവും ഈ 'രാജപഥ'ത്തിലൂടെയാണ് റിപ്പബ്ലിക് ദിന പരേഡ് നടത്തുക. ഇന്ത്യയുടെ സൈനിക ശക്തിയുടേയും, വൈവിധ്യമാർന്ന കലാസംസ്കൃതികളുടേയും പ്രകടനം. വാഹനം പാർക്കു ചെയ്യുവാനുള്ള സൗകര്യ കുറവുമൂലം ഞങ്ങൾ ദില്ലി ഘട്ടിലേയ്ക്ക് യാത്ര തുടർന്നു.

**ദില്ലിഘട്ട്**

ഏഴു മണിയോടെ, ഞങ്ങൾ ദില്ലിഘട്ടിലെത്തി. അന്തരീക്ഷത്തിൽ നേരിയ തോതിൽ തണുപ്പു വ്യാപിച്ചു തുടങ്ങി. ദില്ലിയിൽ തണുപ്പുകാലത്തിന്റെ ആരംഭം. ദീപാവലി പിറ്റേന്നു മുതലാണെന്ന് പ്രമോദ് സാറിന്റെ അനുഭവസാക്ഷ്യം. ദില്ലിഘട്ടിൽ കേരളമുൾപ്പടെ വിവിധ സംസ്ഥാനങ്ങളുടെ പ്രദർശന വിപണനമേള നടക്കുന്നു. വിദ്യാർത്ഥികൾ പല സ്റ്റാളുകളിലും കയറിയിറങ്ങി. വൈവിധ്യമാർന്ന സാധനങ്ങൾ കണ്ടും, വില പേശലുകൾ നടത്തിയും മടങ്ങുന്നു.

വിവിധ സംസ്ഥാനങ്ങളുടെ രുചി ഭേദങ്ങളറിയുവാൻ അവസരമൊരുക്കിയിരിക്കുന്നു, വിനോദ സഞ്ചാരവികസനകോർപ്പറേഷൻ, പക്ഷേ വില ഞങ്ങളുടെ പോക്കറ്റിന് അല്പം അധികമാണെന്നു തോന്നി. അവസാനം ആരോഗ്യത്തിന് ഹാനികരമെന്ന് പലരും പറയുന്ന കൊക്ക കോള വാങ്ങി, പകർന്ന് പങ്കു വച്ച് ഞങ്ങൾ ജെ. എൻ. യു വിലേക്ക് മടങ്ങി

**കാമ്പസ്സിലെ രാത്രി**

അത്താഴം കാമ്പസ്സിലെ കാന്റീനിലായിരുന്നു. ചപ്പാത്തി, ഫ്രൈഡ് റൈസ്, ചോറ്, കാപ്പി, ചായ തുടങ്ങിയ വൈവിധ്യങ്ങളായ ആഹാരങ്ങൾ. മുറ്റത്ത് അവിടവിടെ കിടക്കുന്ന വൃത്തിഹീനമായ മേശകളും, കസേരകളും, അവയ്ക്കിടയിലൂടെ അലസമായലഞ്ഞു നടക്കുന്ന നായ്ക്കളും. ചിലത് വല്ലപ്പോഴും എറിഞ്ഞു കിട്ടുന്ന അപ്പക്കഷണങ്ങൾക്കു വേണ്ടി അനുസരണയോടെ, അച്ചടക്കത്തോടെ, കാത്തു കിടക്കുന്നു. മറ്റു ചില നായ്ക്കൾ മേശപ്പുറത്തു കിടക്കുന്ന എച്ചിൽ പാത്രങ്ങൾ കടിച്ചെടുത്ത് തറയിൽ വച്ച് നക്കിത്തുടയ്ക്കുന്നു. കാമ്പസ്സിലെ ചില സംഘടനകളുടേയും, വ്യക്തികളുടേയും അതിരു കവിഞ്ഞ മൃഗസ്നേഹത്തിന്റെ പരിണിതഫലം. ''താനിരിയ്ക്കേണ്ടടത്ത് താനിരുന്നില്ലെങ്കിൽ'' എന്ന ചൊല്ല് കാമ്പസ്സിന് അന്യമായിരിക്കും.

രാവേറെയായിട്ടും മേശയ്ക്കു ചുറ്റുമിരുന്ന് ആൺ പെൺ വ്യത്യാസമില്ലാതെ വിദ്യാർത്ഥികൾ ഭക്ഷണം കഴിയ്ക്കുകയും വിവിധ വിഷയങ്ങളെ കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്നു.

അടുത്ത ദിവസം ആഗ്രാ സന്ദർശനമാണ് പ്ലാൻ ചെയ്തിരുന്നത്. എന്നാൽ ബക്രീദ് പ്രമാണിച്ച് ആഗ്രാ കോട്ടയും, താജ്മഹലും അടച്ചിരിക്കുമെന്ന് ശ്രുതി പരന്നു. യാത്ര ഹിമവാന്റെ താഴ് വാരത്തിലേക്ക്, ലിനോത്താളിലേയ്ക്ക്, മാറ്റിയാലോ എന്ന അഭിപ്രായം ഉയർന്നു. എം. ടി യുടെ 'മഞ്ഞ്' വായിച്ചവർക്ക് ആ യാത്രയിൽ താത്പര്യമേറി. എന്നാൽ മറ്റ് പലർക്കും ആഗ്ര നഷ്ടപ്പെടുന്നത് സങ്കല്പിക്കാൻ പോലും സാധിച്ചിരുന്നില്ല. അന്വേഷണത്തിനൊടുവിൽ ആഗ്രാ കോട്ടയ്ക്കും, താജ് മഹലിനും അവധിയായിരുക്കുകയില്ല എന്ന വിവരം എല്ലാവരുടേയും സന്തോഷത്തിന് കാരണമായി.

അർദ്ധരാത്രിയിൽ ഞങ്ങൾ ഹോസ്റ്റലിലേയ്ക്കു മടങ്ങുമ്പോഴും കാന്റീനിലെ തിരക്കൊഴി ഞ്ഞിരുന്നില്ല. വഴിയിൽ ആൺ സുഹൃത്തുക്കളോടൊപ്പവും ടോപ്പും, ഷോർട്സുമണിഞ്ഞ വിദ്യാർത്ഥിനികളെ കാണാം. ശരീരത്തിൽ പടർന്നു കയറുന്ന തണുപ്പ് അവരെ അല്പവും അലോസരപ്പെടുത്തിയതായി തോന്നിയില്ല. സ്ത്രീകൾ ഡൽഹിയിൽ സുരക്ഷിതരല്ലെങ്കിലും കാമ്പസ്സിൽ തികച്ചും സുരക്ഷിതരാണെന്ന് വിദ്യാർത്ഥികളുടെ അനുഭവസാക്ഷ്യം..

**ആഗ്രയിലേയ്ക്ക്**

പതിനാറാം തിയതി, ബുധനാഴ്ച രാവിലെ അഞ്ചരയോടെ എല്ലാവരും പുറപ്പെടുവാൻ തയ്യാറായി. എടുപ്പിലും നടപ്പിലും, ആകൃതിയിലും, പ്രകൃതിയിലും സിക്കുകാരന്റെ പ്രൗഢി വെളിപ്പെടുത്തുന്ന വ്യക്തിയായിരുന്നു ഞങ്ങളുടെ ബസ്സിന്റെ ഡ്രൈവർ. ഇതിനെല്ലാം ഘടകവിരുദ്ധ മായിരുന്നു സഹായിയായി കൂടെ ഉണ്ടായിരുന്ന ആൾ.

ജെ. എൻ. യു വീട്ട് ആറുമണിയോടെ ഞങ്ങളേയും കൊണ്ട് ബസ്സ് എക്സ്പ്രസ്സ് ഹൈവേയിൽ പ്രവേശിച്ചു. കണ്ണെത്താദൂരം ഋജുവായി കിടക്കുന്ന എട്ടുവരിപ്പാത. തിരക്കു കുറവുള്ള വീഥി. ഇരുവശവുമുള്ള കാഴ്ച്ചകൾ തെളിഞ്ഞു വരുന്നതേയുള്ളൂ.

എട്ടുമണിയോടെ വീഥിയോരത്തുള്ള ഒരു ഹോട്ടലിന്റെ മുന്നിൽ ബസ്സ് നിർത്തി. ഇടതു വശത്തായി ഗ്രാമത്തിലേയ്ക്കുള്ള ടാറിട്ട വീതി കുറഞ്ഞ ഒരു റോഡ്. വൃന്ദാവനത്തിലേയ്ക്ക് 11.50 കി. മീ എന്ന ദിശാബോർഡ്. ഭഗവാൻ ശ്രീകൃഷ്ണൻ തന്റെ ബാല്യകൗമാരങ്ങൾ ചെലവഴിച്ച ഗ്രാമം. അവിടം സന്ദർശിക്കുവാനുള്ള മോഹം പലരിലും അങ്കുരിച്ചു.

ചിലവേറിയതെങ്കിലും വൃത്തിയുള്ള ഹോട്ടൽ. ബ്രഡ്ജാം, കോഫി അടങ്ങുന്ന പ്രഭാത ഭക്ഷണത്തിനു ശേഷം എക്സ്പ്രസ്സ് ഹൈവേയിലൂടെ വീണ്ടും. ഇവിടേയും വാഹനങ്ങൾക്ക് വേഗപരിധിയുണ്ട്, ആരും പാലിക്കാറില്ലെങ്കിലും. അത്

അറുപതു കിലോമീറ്ററാണെന്ന് ഡ്രൈവർ പറഞ്ഞു. നിയമ സാമാജികരുടെ അജ്ഞത അഥവാ അഹങ്കാരം; കാരണമേതായാലും, നാട്ടുവഴിയിലും, സംസ്ഥാന, ദേശീയ എക്സ്പ്രസ്സ് ഹൈവേകളിലും ഒരേ വേഗത നിജപ്പെടുത്തിയിരിക്കുന്ന നിയമം, ഹാ കഷ്ടം! കേരളത്തിൽ മന്ത്രിമാരേയും, നിയമസഭാസാമാജികരേയും ഈ നിയമത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു എന്നത് അതിലും വിചിത്രം.

വൃന്ദാവനത്തിലേയ്ക്ക് പോകുന്നതിനെ കുറിച്ച് ഡ്രൈവറോടു പറഞ്ഞപ്പോൾ അതിന്റെ പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ചും, എക്സ്പ്രസ്സ് ഹൈവേയുടെ പ്രത്യേകതയെക്കുറിച്ചും അദ്ദേഹം വാചാലനായി. ഹൈവേ, ഓരോ അമ്പതു കിലോമീറ്റർ ദൂരവും, ഇരുവശങ്ങളും വേലികളാലും, മദ്ധ്യത്തിൽ ഡിവൈഡറിനാലും വേർത്തിരിച്ചിരിക്കും. അതിനാൽ അത്രയും ദൂരമെത്തുമ്പോൾ മാത്രമേ എക്സ്പ്രസ്സ് ഹൈവേകളിൽ അനുബന്ധവീഥികളും, കടകളും, പെട്രോൾ പമ്പുകളും ഉണ്ടാകൂ. അതായത് ഒരിയ്ക്കൽ ഹൈവേയിൽ പ്രവേശിച്ചാൽ അമ്പതു കിലോമീറ്ററിനു ശേഷമേ മാടക്കയാത്ര, അല്ലെങ്കിൽ മറ്റൊരു വഴിയിലേയ്ക്കുള്ള യാത്ര സാധിക്കൂ. അതിനാൽ വൃന്ദാവനദൗത്യം ഞങ്ങൾ ഉപേക്ഷിച്ചു.

മുന്നോട്ടുള്ള യാത്രയിൽ ഇടതുവശത്ത് എം. ബി. എ കോഴ്സിന് ഊന്നൽ കൊടുക്കുന്ന 'അമിറ്റി' എന്ന സ്വകാര്യ സർവ്വകലാശാലയുടെ വലിയ കെട്ടിട സമുച്ചയങ്ങൾ.

വലതുവശത്ത് ഹൈവേയിൽ നിന്നും അധികമകലെയല്ലാതെ കാറോട്ടമത്സരത്തിനായി, അഞ്ചുകിലോമീറ്റർ നീളത്തിൽ ദീർഘവൃത്താകൃതിയിൽ തയ്യാറാക്കിയിരുന്ന 'ബുദ്ധ് ഇന്റർനാഷണൽ സർക്യൂട്ട് - ഫോർമുല വൺ റെയ്സിങ് റോഡ്'. ഇവയെല്ലാം പിന്നിട്ട് ബസ്സ് അതിവേഗം ഓടി ക്കൊണ്ടിരുന്നു.

വീഥിക്കിരുവശവും, പുതിയ പുതിയ വ്യവസായ സാങ്കേതിക സംരംഭവങ്ങളും, ഫ്ളാറ്റുകളും. 'നോയിഡ് സാമ്പത്തികമേഖല' എന്നറിയപ്പെടുന്ന ഈ സ്ഥലം ഉത്തർപ്രദേശിന്റെ വികസനത്തിന് പുതിയ മുഖവും, മാനവും പ്രദാനം ചെയ്തിരിക്കുന്നു.

**താജ്മഹൽ**

പത്തുമണിയോടെ ബസ്സ് സപ്താത്ഭുതങ്ങളിലൊന്നായ, ലോകപ്രസിദ്ധമായ താജ്മഹലിന്റെ സമീപമെത്തി. കൃത്യമായി പറഞ്ഞാൽ അഞ്ഞൂറു മീറ്ററിനിപ്പുറം ഞങ്ങൾ ഇറങ്ങി. ഡീസൽ, പെട്രോൾ വാഹനങ്ങളെ താജിന്റെ സമീപത്തേക്ക് പോകുവാൻ അനുവദിക്കുയില്ല. അതിൽ നിന്നും ബഹിർഗമിക്കുന്ന പുക താജിന്റെ ശോഭയ്ക്കു മങ്ങലേൽപ്പിക്കും. ബാറ്ററിയിൽ പ്രവർത്തിയ്ക്കുന്ന മൂന്നു വാഹനങ്ങളിൽ ഞങ്ങൾ താജിന്റെ കവാടത്തിലെത്തി.

കമാനാകൃതിയിലുള്ള മുഖ്യകവാടത്തിനു മുകളിൽ, പതിനൊന്ന് മിനാരങ്ങൾ മുന്നിലും പതിനൊന്നെണ്ണം പിന്നിലുമായി, 22 മിനാരങ്ങൾ. താജിന്റെ പണിപൂർത്തിയാക്കുവാൻ വേണ്ടിവന്ന 22 വർഷങ്ങളുടെ പ്രതീകങ്ങൾ.

കവാടത്തിലൂടെ അകത്തേക്ക്, അതിവീശാലവും മാനോഹരവുമായ ഉദ്യാനത്തിനപ്പുറം താജ്. എഞ്ചിനീയർമാരും, ശില്പികളും ഉൾപ്പടെ 20,000 തൊഴിലാളികളുടെ 22 വർഷത്തെ അദ്ധ്വാനഫലം. കുത്തബ്മീനാറിനേക്കാൾ ഉയരത്തിൽ, അനശ്വര പ്രണയത്തിന്റെ ശാശ്വത പ്രതീകം. ശില്പസൗന്ദര്യത്തിന്റെ മകുടോദാഹരണം. ''താജിന്റെ സൗന്ദര്യമാസ്വദിക്കുവാൻ ആറുമാസക്കാലമെങ്കിലും വേണമെന്ന്'' സ്വാമി വിവേകാനന്ദന്റെ വാക്കുകൾ.

ഫോട്ടോ ഗ്രാഫർമാർ ഞങ്ങളോടൊപ്പം കൂടി. താജിന്റെ പശ്ചാത്തലത്തിൽ ഒന്നു രണ്ടു ഗ്രൂപ്പ് ഫോട്ടോകൾ മാത്രം എടുത്തു.

വിശാലമായ ഉദ്യാനത്തിനു നടുവിൽ, കവാടം മുതൽ താജ്മഹൽ വരെ, ദീർഘചതുരാ കൃതിയിൽ ആഴം കുറഞ്ഞ കൃത്രിമ ജലാശയം. അതിനു മദ്ധ്യത്തിൽ, ഒരേ നിരയിൽ അഞ്ചടി അകലത്തിൽ അമ്പതു ജലധാരയന്ത്രങ്ങൾ. ജലാശയത്തിനിരുവശവും ചുവന്ന മാർബിൾ പതിച്ച നടപ്പാതകൾ. അതിലൂടെ വഴികാട്ടിയോടൊപ്പം ഞങ്ങൾ താജിനടുത്തേയ്ക്കു നടന്നു. അദ്ദേഹം ആംഗലഭാഷയിൽ കാര്യങ്ങൾ വിശദീകരിച്ചു തന്നു. ഉദ്യാനനിരപ്പിൽ നിന്നും 22 അടി ഉയരത്തിലുള്ള മുറ്റത്ത് 1022 ചതുരശ്രഅടിയിലാണ് താജ്മഹൽ. അതിൽ നിന്നും 200 അടി അകലത്തിൽ ഇരുവശ ങ്ങളിലായി ചുവപ്പു കല്ലിൽ പണിതീർത്ത ഒരേ രൂപഭംഗിയുള്ള രണ്ടു സൗധങ്ങൾ. ഒന്ന് രാജകീയ അതിഥിമന്ദിരവും, മറ്റൊന്ന് മോസ്കുമാണ്. ഭൂകമ്പത്തേപ്പോലും അതിജീവിക്കത്തക്കവണ്ണം നിർമ്മിച്ചി രിക്കുന്ന താജിന്റെ ശക്തിയും സമതുലിതാവസ്ഥയും, നിലനിർത്തുന്നതിൽ ഈ സൗധങ്ങൾ നിർണ്ണാ യകപങ്കുവഹിക്കുന്നു. ഈടിന്റെയും, ഉറപ്പിന്റെയും ശില്പസൗന്ദര്യത്തിന്റെയും ഉദാത്ത വിസ്മയം. പക്ഷേ അതിന്റെ വെണ്മയ്ക്ക് മങ്ങലേറ്റിരിയ്ക്കുന്നു.

ഞങ്ങൾ പാദരക്ഷകൾ അഴിച്ചുവച്ച് പടവുകൾ കയറി, താജിന്റെ മുറ്റത്തെത്തി. അവിടാക മാനം മാർബിൾ പാകിയിരിയ്ക്കുന്നു. അത് സൂര്യതാപം ഏറ്റുവാങ്ങിയിരിയ്ക്കുന്നത് പാദങ്ങളിലൂടെ നമുക്കും അനുഭവവേദ്യമാകും.

താജിന്റെ ദൃശ്യഭംഗി അടുത്ത്നിന്ന് ആവോളം ആസ്വദിച്ച് മുൻവാതിലിലൂടെ ഞങ്ങൾ അകത്തു കടന്നു. അടുത്തടുത്ത രണ്ടു കല്ലറകൾ-ഷാജഹാന്റെയും പ്രിയ പത്നി മുംതാസിന്റെയും. ഈ കല്ലറകൾക്കടിയിൽ മറ്റു രണ്ടു കല്ലറകളിലായാണ് അവരുടെ ഭൗതികശരീരം യഥാർത്ഥത്തിൽ അടക്കം ചെയ്തിരിക്കുന്നത്. വല കൊണ്ട് മൂടിയിരിയ്ക്കുന്ന, അവിടേയ്ക്കുള്ള പടവുകൾ വ്യക്തമായി കാണാം. പക്ഷേ പ്രവേശനം അനുവദിക്കുന്നില്ല.

താജ്മഹലിന്റെ ഇടനാഴിയിലൂടെ പുറത്തിറങ്ങി. ചുമരിനോട് ചേർന്ന് രൂപപ്പെടുത്തിയിരി യ്ക്കുന്ന തൂണുകളെല്ലാം ത്രിമാനത ഉള്ളവയാണ്. താജിന്റെ പിന്നിലൂടെ തൊട്ടുചേർന്ന് യമുന ഒഴുകുന്നു. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഇത് നിറഞ്ഞൊഴുകുക. ഇപ്പോഴും അതിന്റെ ആഴവും, പരപ്പും, വേഗവും സുവ്യക്തം.

യമുനയുടെ മറുകരയിൽ, താജിന് മറുവശത്ത് കറുത്ത മാർബിളിൽ മറ്റൊരു താജ് നിർമ്മിക്കുവാനുള്ള ഷാജഹാന്റെ ഉദ്യമത്തിന്റെ ബാക്കി പത്രങ്ങൾ കാണാം. അല്പസമയം താജിന്റെ മുറ്റത്തിരുന്ന് വിശ്രമിയ്ക്കാൻ തുനിഞ്ഞ ഞങ്ങളെ, സ്നേഹപൂർവ്വം പിന്തിരിപ്പിച്ച വനിതാപോലീസ്, ഒരു മലയാളി ആണെന്ന വസ്തുത അവരുടെ മുഖശ്രീയിൽ നിന്നും ശരീരഭാഷയിൽ നിന്നും വായിച്ചെടുക്കാമായിരുന്നു.

താജിന്റെ വടക്കുഭാഗത്തുള്ള രാജകീയ അതിഥി മന്ദിരത്തിലേയ്ക്ക് ഞങ്ങൾ നടന്നു. ചന്ദ്രികാചർച്ചിതമായ രാവുകളിൽ, ഷാജഹാൻ താജിന്റെ അവർണ്ണനീയവും, അവാച്യവുമായ ഭംഗി ആസ്വദിച്ചിരുന്നത് ഈ മന്ദിരത്തിൽ വച്ചായിരുന്നു. ഇതിന്റെ തെക്കുവശത്തെ വരാന്തയിൽ താജിന് അഭിമുഖമായി പത്തടി മുന്നോട്ടും, പിന്നോട്ടും, നടക്കുമ്പോൾ താജ് വിപരീതദിശയിൽ ചലിക്കുന്ന മായക്കാഴ്ച്ചയും കാണാം.



നിത്യവിസ്മയമായ ഈ ലോകാത്ഭുതത്തോട് വിട പറഞ്ഞ് ഞങ്ങൾ ആഗ്രാകോട്ടയിലേയ്ക്ക് പുറപ്പെട്ടു. കോട്ടയ്ക്ക് അഭിമുഖമായി, അമ്പതടി അകലെ ഛത്രപതി ശിവജിയുടെ അശ്വാരൂഢപ്രതിമ ഗംഭീരമായി നിലകൊള്ളുന്നു.

**ആഗ്രാകോട്ട**

കല്ലുകൾ കൊണ്ട് അറുപതടിയിൽ അധികം ഉയരത്തിൽ നിർമ്മിച്ചിരിയ്ക്കുന്ന കോട്ട. പത്തു കിലോമീറ്റർ ചുറ്റളവിൽ ഉയർന്നു നില്ക്കുന്ന കോട്ടയോടു ചേർന്ന് അഗാധമായ കിടങ്ങ്. അതിനെ മറികടക്കാനുള്ള പാലം, ആയാസേന മാത്രം ഉയർത്താവുന്നതാണ്. 'അമർസിങ്ഗേറ്റ്' എന്നറിയ പ്പെടുന്ന ഈ മുഖ്യകവാടത്തിലൂടെ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചു.

ഇവിടെ പല കൊട്ടാരങ്ങളും, മോസ്ക്കുകളും കാണാം അക്ബറിന്റെ കാലഘട്ടത്തിൽ പണികഴിപ്പിച്ച 'ജഹാംഗീർമഹൽ'. അതിന്റെ മുന്നിൽ, വിശാലമായ പുൽത്തകിടിയിൽ അഞ്ചടിയോളം ഉയരമുള്ള, ഇംഗ്ലീഷ് അക്ഷരമാലയിലെ 'യു' ആകൃതിയിലുള്ള ബാത്ത് ടബ്ബ് പ്രദർശിപ്പിച്ചിരിക്കുന്നു. മുഗൾ രാജവംശത്തിന്റെ

സുവർണ്ണകാലഘട്ടങ്ങളിൽ, സ്വർണ്ണകവചിതമായ അതിൽ, രാജകുമാരിമാർ നീരാടിയിരുന്നു. ജഹാംഗീർ മഹലിന്റെ മുഖ്യകവാടത്തിലൂടെ ഉള്ളിൽ പ്രവേശിച്ചു. നടുമുറ്റത്തോടു ചേർന്ന് മനോഹരവും ചാരുതയാർന്ന ശില്പഭംഗിയോടു കൂടിയ ഹാളുകൾ.

അതിനപ്പുറം 'ഖാസ്മഹൽ', 'അൻഗൂരി ബാഗ്' അഥവാ ഗ്രെയ്പ് ഗാർഡനഭിമുഖമായി ഷാജഹാൻ പണികഴിപ്പിച്ച കൊട്ടാരം. അദ്ദേഹത്തിന്റെ ശയനമന്ദിരം, അതിനിരുവശങ്ങളിലും പ്രിയ പുത്രിമാർ ജഹനാരയുടേയും, റോഷനാരയുടേയും ശയനഗൃഹങ്ങൾ. അവയുടെ മേൽക്കൂരകൾ സ്വർണ്ണക്കവചിതമായിരുന്നു. ഇപ്പോഴും സ്വർണ്ണവർണ്ണമാണവിടം.

സമീപത്തായി 'സുമൽ ബൂർജ'-ആഗ്രാ കോട്ടയിലെ ഏറ്റവും മനോഹരവും കാവ്യാത്മ കവുമായ അഷ്ടകോൺ മന്ദിരം. ഇതിനുള്ളിൽ ദൃശ്യഭംഗിയാർന്ന മാർബിൾ ജലധാര. ഇവിടെയാണ് മുഗൾ രാജ്ഞിമാരിൽ ഏറ്റവും സുന്ദരിമാരായിരുന്ന നൂർജഹാനും മുംതാസും താമസിച്ചിരുന്നത്.

ഇവിടെത്തന്നെയാണ്, ഷാജഹാനെ പുത്രനായ ഔറംഗസീബ് തടങ്കലിൽ പാർപ്പിച്ചിരുന്നത്. ഒഴുകുന്ന യമുനയും, മനോഹരമായ താജും ഇവിടെ നിന്നും വളരെ വ്യക്തമാണ്. അവസാന നാളുകളിൽ കാഴ്ച്ച മങ്ങിയപ്പോൾ മുറിയിൽ സ്ഥാപിച്ച വലിയ നിലക്കണ്ണാടിയിൽ താജ്മഹലിന്റെ പ്രതിബിംബം കണ്ടുകൊണ്ടാണ് ഷാജഹാൻ ദിനരാത്രങ്ങൾ തള്ളി നീക്കിയിരുന്നത്.

തൊട്ടരികെ മിറർപാലസ്. സുന്ദരമായ ജലധാരയോടും നിറമാർന്ന ധാരാളം സ്ഫടിക കഷണങ്ങളാലും അലങ്കരിക്കപ്പെട്ട രാജകീയ സ്നാനഗൃഹം.

തെക്കുമാറി ദിവാൻ-ജ്-ഖാസ്. സ്വകാര്യ സന്ദർശകർക്കുള്ള സ്വീകരണമന്ദിരം. ഇവിടെയാണ് മുഗൾ ചക്രവർത്തിമാർ നയതന്ത്രപ്രതിനിധികളേയും മറ്റ് പ്രമുഖ വ്യക്തികളേയും സ്വീകരിച്ചിരുന്നത്. ആദ്യകാലങ്ങളിൽ, ഈസ്റ്റിൻഡ്യാ കമ്പനിക്കാർ മുഗൾ ചക്രവർത്തിമാരുടെ ദർശന ഭാഗ്യത്തിനായി ഇവിടെ കാത്തുനിന്നിരുന്നു. എന്നാൽ അവസാനമുഗൾ രാജാവായ ബഹദൂർഷാ രണ്ടാമൻ ബ്രിട്ടീഷുകാരിൽ നിന്ന് പരാജയം ഏറ്റു വാങ്ങി. അവരിൽ നിന്ന് പെൻഷൻ സ്വീകരിച്ച് ജീവിച്ചു മരിച്ചു എന്നത് വിധി വൈപരീത്യം.

വടക്കുമാറി അന്തപ്പുര സ്ത്രീകൾക്കു വേണ്ടി ഷാജഹാൻ നിർമ്മിച്ച മോസ്ക്ക് – നജിനാ മസ്ജിദ്. അല്പമകലെ മോത്തി മസ്ജിദ് അഥവാ 'പേൾ മോസ്ക്', പണി വൃത്തിയ്ക്കും രൂപഭംഗിക്കും ഉത്തമോദാഹരണം.

സമീപത്തായി 'മീനാബസാർ പാലസ്'. വിശാലമായ നടുമുറ്റത്തോടു കൂടി രണ്ടു നിലകളിലായി പണിതകൊട്ടാരം. ഇവിടെയാണ് അന്തപ്പുര സ്ത്രീകൾക്കു വേണ്ടി കച്ചവടക്കാരികൾ വിവിധ വില്പന സാധനങ്ങളുമായെത്തിയിരിന്നത്. ഷാജഹാനൊഴികെ മറ്റൊരു പുരുഷനും ഇവിടെ പ്രവേശനം അനുവദിച്ചിരുന്നില്ല.

അദ്ദേഹം ആദ്യമായി സുരസുന്ദരിയായ മുംതാസ്സിനെ കണ്ടു മുട്ടിയതും ഇവിടെ വച്ചു തന്നെ.

ദിവാൻ-ഐ-ആം എന്ന മറ്റൊരു ഭംഗിയാർന്ന കൊട്ടാരം. അതിലെ വിശാലമായ ഹാളിൽ പ്രശസ്തമായ മയൂരസിംഹാസനം. ഇവിടെയിരുന്നാണ്, ഉയർന്ന ഉദ്യോഗസ്ഥന്മാർക്കും, പരാതികളാ യെത്തുന്ന പൊതുജനങ്ങൾക്കും ഷാജഹാൻ ദർശനം നൽകിയിരുന്നത്.

ആഗ്രാക്കോട്ട കണ്ട്, പുറത്തിറങ്ങുന്നതിനിടെ കോട്ടയുടെ നാലിലൊന്നു മാത്രമേ പൊതു ജനങ്ങൾക്കു തുറന്നു കൊടുത്തിട്ടുള്ളൂ എന്നും, ബാക്കിഭാഗം ഇന്ത്യൻ സൈന്യത്തിന് വിട്ടു കൊടു ത്തിരിക്കുകയുമാണെന്ന് ഞങ്ങൾ മനസ്സിലാക്കി. കണ്ടത് ഗംഭീരം. കാണാത്തത് അതിലും ഗംഭീരം.

ഛത്രപതി ശിവജിയുടെ പ്രതിമയും കടന്ന്, അടുത്തുള്ള കടകളിൽ കയറി, കീശയുടെ വലിപ്പമനുസരിച്ച് വ്യത്യസ്ത സാധനങ്ങളും പുകൾ പെറ്റ ആഗ്രാപേഡയും വാങ്ങി, 400 രൂപാ ചോദിച്ച വഴികാട്ടിയ്ക്ക് 500 രൂപയും നല്കി, ഞങ്ങൾ ജെ. എൻ. യുവിന്റെ സുരക്ഷിത താളത്തിലേയ്ക്ക് മടങ്ങുമ്പോൾ ആഗ്രയിലെങ്ങും ഇരുൾ പടർന്നിരുന്നു.

**കുത്തബ്മീനാർ**

വ്യാഴാഴ്ച്ച (17-10-13) പ്രഭാതം. മഞ്ഞുപൊഴിയുന്ന ക്യാമ്പസിൽ നിന്നും ആറുമണിയോടെ ആറ് ഓട്ടോറിക്ഷകളിൽ ഞങ്ങൾ കുത്തബ്മീനാറിലേയ്ക്കു പുറപ്പെട്ടു. ചരിത്രപുസ്തകത്തിൽ പഠിച്ച മീനാർ നേരിട്ടു കാണുന്നതിലെ സന്തോഷം വിദ്യാർത്ഥികളിൽ പ്രകടം.



അഞ്ചു നിലകളിൽ 72.5 മീറ്റർ ഉയരമുള്ള മിനാരം. രജപുത്രരുടെ മേൽ ഗോറിയുടെ ചരിത്രവിജയത്തിന്റെ സ്മാരകം. ആദ്യനില കുത്തുബ്ദീൻ ഐബക്കും ബാക്കി നാലുനിലകൾ അദ്ദേഹത്തിന്റെ പിൻഗാമിയായ ഉൽത്തുത് മിഷും പണി കഴിപ്പിച്ചു. പണ്ട്, മീനാറിന്റെ ഉള്ളിലെ ചുറ്റുഗോവണിയിലൂടെ, മുകൾഭാഗം വരെ

പ്രവേശനം അനുവദിച്ചിരുന്നു. എന്നാൽ, ഇന്നത് നിഷേധിച്ചിരിയ്ക്കുന്നു. അതിനാൽ, അവിടെ നിന്നുള്ള ദൃശ്യഭംഗി ജനങ്ങൾക്കു നഷ്ടം. സാമൂഹിക വിരുദ്ധരുടെ അഴിഞ്ഞാട്ടത്തിന്റെ അനന്തരഫലം.

മീനാറിന്റെ ചുറ്റുവട്ടത്ത് തകർന്ന പല സൗധങ്ങളുടേയും ശേഷിപ്പുകൾ കാണാം. കുത്തുബ്ദീൻ ഐബക്ക് പണി കഴിപ്പിച്ച ഖുമാത്ത്-ഉൾ-ഇസ്ലാം മോസ്ക്കും ഇതിൽ ഉൾപ്പെടുന്നു. ഇവിടെ സംസ്കൃത ലിഖിതത്തോടു കൂടിയ, ഒരിക്കലും തുരുമ്പിക്കാത്തതും ദ്രവിക്കാത്തതും, പതിനെട്ടിഞ്ച് വ്യാസവും, പതിനെട്ടടി ഉയരവുമുള്ള ഒരു ഇരുമ്പ് തൂണ് (അയൺപില്ലർ) ലോഹ സംസ്ക്കരണാത്ഭുതമായി നിലകൊള്ളുന്നു. ഇത് നാലാം നൂറ്റാണ്ടിൽ ഉണ്ടാക്കപ്പെട്ടതാണെന്ന സത്യം തിരിച്ചറിയുമ്പോൾ, അത്ഭുതാതിരേകത്താൽ, നമ്മൾ ആ പൗരാണികത്വത്തിനു മുൻപിൽ നമ്രശിരസ്കരാകുന്നു.

ഐബക്, അദ്ദേഹത്തിന്റെ ഭരണകാലത്ത് പല ഹിന്ദു ജൈനക്ഷേത്രങ്ങളും നിർദയം, നിഷ്ഠൂരം തകർക്കുകയും അവയുടെ പല വസ്തുക്കളും തന്റെ നിർമ്മാണത്തിനു വേണ്ടി ഉപയോഗിക്കുകയും ചെയ്തു. അങ്ങനെയാണ് നാലാം നൂറ്റാണ്ടുമുതൽ, ഒരു വിഷ്ണു ക്ഷേത്രത്തിന്റെ ആണിക്കല്ലായും, അലങ്കാരമായും വർത്തിച്ചിരുന്ന ഇരുമ്പ് തൂണ്, ഖുമാത്ത് - ഉൾ- ഇസ്ലാം മോസ്ക്കിന്റെ ഭാഗമായി മാറിയത്.

വെയിലിന് ചൂട് കൂടി വരുന്നു, അതോടൊപ്പം ഇന്ത്യയുടെ പല ഭാഗത്തു നിന്നും എത്തിച്ചേർന്ന വിനോദസഞ്ചാരികളുടെ എണ്ണവും. കുത്തബ്മീനാറിൽ നിന്നും പുറപ്പെട്ട ഞങ്ങളുടെ അടുത്ത ലക്ഷ്യം പാർലമെന്റായിരുന്നു.

**പാർലമെന്റ്**

ഉച്ചഭക്ഷണത്തിനുശേഷം മുൻനിശ്ചയിച്ച പ്രകാരം, രണ്ടരമണിയ്ക്കു തന്നെ ഞങ്ങൾ പാർലമെന്റ് മന്ദിരത്തിന്റെ കവാടത്തിലെത്തി. അതിനുള്ളിൽ യാതൊരു വിധ ഇലക്ട്രോണിക് ഉപകരണങ്ങളും അനുവദിച്ചിരുന്നില്ല. കർശനമായ സുരക്ഷാ പരിശോധനകൾക്കു ശേഷം ഉള്ളിൽ പ്രവേശിച്ചു.

ശീതീകരിച്ച ഒരു ചെറിയ ഹാളിലേയ്ക്ക് ഞങ്ങൾ ആനയിക്കപ്പെട്ടു. അവിടെ രണ്ടു നിരകളിലായി, അർദ്ധവൃത്താകൃതിയിൽ ഇരിപ്പിടങ്ങൾ ഒരുക്കിയിരുന്നു. അതിനു മുമ്പിലുള്ള മേശകളിൽ രണ്ട് ഇരിപ്പിടങ്ങൾക്ക് ഒന്ന്, എന്ന ക്രമത്തിൽ പ്രവർത്തനക്ഷമമായ മൈക്കുകൾ ഉറപ്പിച്ചിരുന്നു.

അഞ്ചു മിനിട്ടിനുള്ളിൽ ഞങ്ങൾക്ക് അഭിമുഖമായിക്കിടന്നിരുന്ന ഇരിപ്പിടങ്ങളിൽ ലോകസഭാ സെക്രട്ടറിയേറ്റിന്റെ ഡയറക്ടറും, ഡെപ്യൂട്ടി ഡയറക്ടറും ആസനസ്ഥരായി.

ഉത്തർപ്രദേശുകാരിയായ ഡെപ്യൂട്ടി ഡയറക്ടറുടെ ആംഗലഭാഷയിൽ നടത്തിയ പ്രസംഗത്തിൽ നിന്നും, ഡയറക്ടർ സത്യനാഥൻ കേരളീയനാണെന്നും,

അവരുടെ ദൗത്യം സന്ദർശകരിൽ പാർലമെന്റിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയാണെന്നും വ്യക്തമായി.

ഡയറക്ടറുടെ ദീർഘമായ പ്രസംഗം വിദ്യാർത്ഥികൾക്ക് പുതിയ അറിവുകൾ പകർന്നു കൊടുക്കുവാൻ പര്യാപ്തമായിരുന്നില്ല. അദ്ദേഹം ഉന്നയിച്ച മിക്കവാറും എല്ലാ ചോദ്യങ്ങൾക്കും അവർ കൃത്യമായ മറുപടി കൊടുത്തിരുന്നു. ഇന്ത്യൻ ഭരണഘടന പഠിപ്പിച്ച് വിദ്യാർത്ഥികളെ അതിനു പ്രാപ്തരാക്കിയ മോഹൻസാറിനോടുള്ള നന്ദി അവർ പ്രത്യേകം രേഖപ്പെടുത്തി.

ആതിഥേയർ നല്കിയ ചായയും, ബിസ്ക്കറ്റും കഴിച്ച് പാർലമെന്റ് മന്ദിരത്തിന്റെ മറ്റു ഭാഗങ്ങൾ സന്ദർശിക്കുവാൻ പുറപ്പെട്ടു.

ചുവപ്പു പരവതാനി വിരിച്ച രാജ്യസഭയിലേക്കാണ് ഗൈഡ് ഞങ്ങളെ നയിച്ചത്. രാജ്യങ്ങളുടെ അഥവാ സംസ്ഥാനങ്ങളുടെ പ്രതിനിധിസഭ. വ്യത്യസ്ത സംസ്ഥാനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും കല, ശാസ്ത്രം, സാഹിത്യം, സാമൂഹികസേവനം എന്നീ രംഗങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട 12 അംഗങ്ങളും അടങ്ങുന്ന സഭ. അതിനാൽ തന്നെ കൂടുതൽ പക്വതയാർന്ന സഭ.

അർദ്ധവൃത്താകൃതിയിൽ പ്രതിനിധികളുടെ ഇരിപ്പിടങ്ങൾ സംവിധാനം ചെയ്തിരിക്കുന്നു. അവയുടെ മുൻപിൽ മേശപ്പുറത്ത് മൈക്ക്, ഇയർഫോൺ, ബില്ലിനും പ്രമേയങ്ങൾക്കും മേൽ വോട്ടു രേഖപ്പെടുത്തുവാൻ മൂന്നു നിറത്തിലുള്ള സ്വിച്ചുകൾ - പച്ച അനുകൂല വോട്ടിനും, ചുവപ്പ് പ്രതികൂല വോട്ടിനും, മഞ്ഞ, വോട്ടെടുപ്പിൽ നിന്നും വിട്ടുനില്ക്കുന്നതിനുമുള്ളവയാണ്.

സഭാംഗങ്ങൾക്കഭിമുഖമായി, അദ്ധ്യക്ഷന്റെ ഇരിപ്പിടം. അതിനു മുന്നിൽ, സഭാ നടപടികൾ എഴുതിയെടുക്കുന്നവരുടേയും, വലതുവശത്തുള്ള ചേമ്പറിൽ സഭാംഗങ്ങളുടെ പ്രസംഗങ്ങൾ വിവർത്തനം ചെയ്യുന്നവരുടേയും, ഇടതുവശത്ത് വളരെ വളരെ പ്രധാനപ്പെട്ട അതിഥികളുടേയും ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരിയ്ക്കുന്നു. സഭാദ്ധ്യക്ഷന് അഭിമുഖമായി, അംഗങ്ങൾക്കു പിന്നിൽ ഉയരത്തിൽ അർദ്ധവൃത്താകൃതിയിൽ പൊതുജനങ്ങൾക്കുള്ള ഗാലറി. ഗൈഡ് എല്ലാം വിശദീകരിച്ചു.

ഞങ്ങൾ സാവധാനം ലോകസഭയിലേയ്ക്കു നടന്നു. പച്ച പരവതാനി വിരിച്ച ഹാൾ താരതമ്യേന വലുതാണ്. രാജ്യസഭയിലേതു പോലെ തന്നെ, അവിടെയും ഇരിപ്പിടങ്ങൾ ഒരുക്കിയി രുന്നു, പ്രധാനമന്ത്രി, മറ്റു മന്ത്രിമാർ, പ്രതിപക്ഷനേതാവ് മറ്റ് അംഗങ്ങൾ എല്ലാവരുടേയും ഇരിപ്പിടങ്ങൾ കൃത്യമായി നിജപ്പെടുത്തിയിരിക്കുന്നു. പൊതുവെ ചെറുപ്പക്കാരുടെ സഭയായതിനാൽ സജീവമായ ചർച്ചകളും, വാഗ്വാദങ്ങളും കൊണ്ട് മുഖരിതവും, ഗവൺമെന്റുകളെ ഉണ്ടാക്കുകയും, ഇല്ലാതാക്കുകയും ചെയ്യുന്ന ലോകസഭ അടുത്തു കണ്ടതിന്റെ ആഹ്ലാദം എല്ലാവരുടേയും മുഖത്തു സുവ്യക്തം.

ലോകസഭയിൽ നിന്നും, താഴെ നിലയിലെ സെൻട്രൽ ഹാളിലേയ്ക്ക്. ഇവിടെ വെച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യയ്ക്ക് അധികാരം കൈമാറിയത്, ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായി പ്രഖ്യാപിയ്ക്കപ്പെട്ടത്. പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽനെഹ്രു ''അർദ്ധരാത്രിയിൽ മണിനാദം മുഴങ്ങുമ്പോൾ ലോകം ഉറങ്ങുമ്പോൾ ഇന്ത്യ ഉണരുകയാണ്, ജീവിതത്തിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും. . . . '' എന്നു തുടങ്ങുന്ന ''ട്രൈസ്റ്റ് വിത്ത് ഡസ്റ്റിനി'' എന്നറിയപ്പെടുന്ന തന്റെ പ്രശസ്തവും മനോഹരവുമായ പ്രസംഗം നടത്തിയതും ഈ ഹാളിലാണ്.

ഇതേ സെൻട്രൽ ഹാളിൽ വെച്ചാണ് പാലമെന്റിന്റെ ഇരുസഭകളുടേയും സംയുക്ത സമ്മേളനം നടക്കുന്നത്. രാഷ്ട്രപതി അതിനെ അഭിസംബോദന ചെയ്യുന്നതും ഇവിടെ വെച്ചു തന്നെ.

സെൻട്രൽ ഹാളിൽ നിന്നും ഞങ്ങൾ പാർലമെന്റ് മ്യൂസിയത്തിലേയ്ക്ക് നടന്നു. അവിടെ ഇന്ത്യയുടെ സാംസ്കാരിക വൈവിദ്ധ്യത്തിന്റേയും സ്വാതന്ത്ര്യസമരത്തിന്റെ വ്യത്യസ്ഥ ഘട്ടങ്ങളുടേയും, ജനാധിപത്യത്തിന്റെ വളർച്ചയുടേയും വിവിധരംഗങ്ങൾ പ്രദർശിപ്പിച്ചിരിയ്ക്കുന്നു. ആധുനിക സാങ്കേതിക വിദ്യ കൊണ്ടും, ശബ്ദവെളിച്ച സംവിധാനം കൊണ്ടും, മ്യൂസിയം കാഴ്ച്ചക്കാർക്ക് ഒരു അവിസ്മരണീയ അനുഭവം തന്നെയാണ്.

അഞ്ചുമണിയോടെ മ്യൂസിയവും, പാർലമെന്റിലെ വ്യത്യസ്ഥ ഹാളുകളും അടച്ചുതുടങ്ങി. സമയക്രമീകരണത്തിലെ പാളിച്ചകൾ ഞങ്ങളുടെ മ്യൂസിയം സന്ദർശനത്തിന് ഭാഗികമായ ഭംഗം വരുത്തി.

മ്യൂസിയത്തിൽ നിന്നും പുറത്തു കടന്ന ഞങ്ങൾ ഗ്രൂപ്പ് ഫോട്ടോയ്ക്ക് തയ്യാറായി. ലോകസഭ, രാജ്യസഭ, സെൻട്രൽ ഹാൾ, മന്ത്രിമാരുടെ ഓഫീസുകൾ, വിവിധ കമ്മറ്റി മുറികൾ, മനോഹരവും, വൈവിധ്യമാർന്നതുമായ മ്യൂസിയം, സമൃദ്ധമായ ലൈബ്രറി, തുറന്ന വരാന്ത എന്നിവയോടുകൂടിയ, 144 തൂണുകൾ, ശക്തിയും, ഭംഗിയും നല്കുന്ന, ദേശീയ പതാക പാറിപ്പറക്കുന്ന, വൃത്താകൃതിയിലുള്ള പാർലമെന്റുമന്ദിരവും, അതിനു മുൻപിലെ പച്ചപുൽത്തകിടിയും, ഞങ്ങളുടെ ഫോട്ടോ സംരംഭത്തിന് പശ്ചാത്തലമൊരുക്കി.



**എസ്. എൻ. മാർക്കറ്റ്**

വൈകീട്ട്, ആററമണിയോടെ ഷോപ്പിംഗിനു വേണ്ടി എസ്. എൻ മാർക്കറ്റ് എന്ന പ്രചുര പ്രചാരത്തിലറിയപ്പെടുന്ന സരോജിനി നഗർ മാർക്കറ്റിലെത്തി. നല്ല തിരക്ക്, സാധനങ്ങൾ പരിശോധിച്ചു നോക്കി, വിലപേശി വാങ്ങണം. ചോദിക്കുന്ന വിലയിൽ, പകുതിയിലും കുറവിൽ കിട്ടുമെന്ന് ഉറപ്പ്.

മാർക്കറ്റിന്റെ മൂന്നു ഇടങ്ങളിൽ, 12 അടിയിൽ കൂടുതൽ ഉയർന്ന തലത്തിൽ പോലീസ് ഇമചിമ്മാതെ തോക്കുമായി കാവൽ നില്ക്കുന്നു. ഹിന്ദിയിൽ ഭീകരർക്കെതിരെയുള്ള പരസ്യം അനുസ്യൂതം തുടരുന്നു. പല ചെറിയ സംഘങ്ങളായി സാധനങ്ങൾ കണ്ടും വില പേശിയും, ചിലതെല്ലാം വാങ്ങിയും ഒട്ടേറെ വാങ്ങാതെയും ഞങ്ങൾ മാർക്കറ്റിന്റെ പല ഭാഗങ്ങളിലലഞ്ഞു.

രാത്രി ഒൻപതു മണിയോടെ ഡൽഹി കേർപ്പറേഷന്റെ 165-ാം നമ്പർ ബസിൽ ജെ. എൻ. യൂനിലേയ്ക്കു മടങ്ങി. ക്യാമ്പസ്സിലെ അവസാന അത്താഴം. എല്ലാവർക്കും തന്നെ ഉത്തരേന്ത്യൻ രുചി ഭേദങ്ങൾ ഇഷ്ടപ്പെട്ടിരിയ്ക്കുന്നു. ഭക്ഷണശേഷം എല്ലാവരും ഹോസ്റ്റലിലേയ്ക്കു മടങ്ങുവാൻ മടിയ്ക്കുന്നു. കാമ്പസ്സിലെ അവസാനരാത്രി. പക്ഷേ, ചിലരെങ്കിലും ഉപരിപഠനത്തിനായി തിരിച്ചെത്തു മെന്നു തീരുമാനിച്ചു.

നടന്നു, നടന്നു ഞങ്ങൾ കാമ്പസ്സിലെ പാർത്ഥസാരഥി പാറക്കെട്ടിനു മുകളിൽ കയറി. ഇന്ദിരാഗാന്ധി അന്തർദേശീയ വിമാനത്താവളത്തിലേയ്ക്ക് പറന്നിറങ്ങുകയും. തിരികെ പറന്നുയരു കയും ചെയ്യുന്ന വിമാനങ്ങളുടെ പ്രകാശമാനമായ ആകാശക്കാഴ്ച അതിമനോഹരം. അതുപോലെ വൈദ്യുതി പ്രഭയാൽ പ്രശോഭിയ്ക്കുന്ന ഡൽഹിയുടെ തെക്കുഭാഗം ദൂരെ കാണാം.

രാത്രി രണ്ടുമണിയോടെ എല്ലാവരും ഹേസ്റ്റലുകളിലേയ്ക്കു മടങ്ങി. നാലരയ്ക്ക് തിരികെ പോകുവാൻ തയ്യാറാകണം. 5.50 നാണ് ട്രെയിൻ. അപ്പോഴും

വിദ്യാർത്ഥികളുടെ പ്രിയ അദ്ധ്യാപകൻ പ്രമോദ് സാർ, ആകാശത്തിന്റെ അനന്തതയിൽ മിഴിയും നട്ടിരുന്നു. തന്റെ വിദ്യാർത്ഥി ജീവിതത്തിലെ ഏഴുവർഷം ചിലവഴിച്ച ക്യാമ്പസ്സ്, ഗൃഹാതുരത്വം നിറഞ്ഞ എത്ര എത്ര ഓർമ്മകളുണ്ടാകും.

പ്രഭാതത്തിൽ 5.50 നു തന്നെ നിസ്സാമുദ്ദീൻ സ്റ്റേഷനിൽ നിന്ന്, സുവർണ്ണ ജയന്തി (നിസ്സാമുദ്ദീൻ - തിരുവനന്തപുരം) എക്സ്പ്രസ്സിൽ, അഞ്ചു ദിവസത്തെ സന്തോഷകരമായ യാത്രാ നുഭവങ്ങളുമായി ഞങ്ങളുടെ മടക്കയാത്ര- ഇന്ത്യയുടെ രാഷ്ട്രീയ തലസ്ഥനത്തുനിന്ന് കേരളത്തിന്റെ സാംസ്കാരീക തലസ്ഥാനത്തേയ്ക്ക്.

**********